കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയ മുന്നൊരുക്കങ്ങളുടെ ഭാഗമായി പഞ്ചായത്തുകളിലെ പുഴകളിൽ അടിഞ്ഞുകൂടിയ എക്കൽ അവശിഷ്ടങ്ങൾ കാലവർഷത്തിനു മുൻപായി നീക്കം ചെയ്യുന്നതിനായി അടച്ച ലേലത്തുക - പ്രതികൂല കാലാവസ്ഥ കാരണവും, അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി താത്കാലികമായി നിർത്തിവച്ചതിനാലും അടച്ച ലേലത്തുകയിൽ ആനുപാതികമായ തുക തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം. 679/ 2021/ ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം, 09/ 03/ 2021

---

പരാമർശം:- 1. വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സന്റെ 24/ 05/ 2020 തീയതിയിലെ DCWYD/ 1966/ 2020/ DM നമ്പർ നടപടിക്രമം.

2. പനമരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 26/ 06/ 2020 തീയതിയിൽ ചേർന്ന അടിയന്തിര യോഗത്തിലെ 1/ 2 നമ്പർ തീരുമാനം.

3. വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സന്റെ 29/ 06/ 2020 തീയതിയിലെ DCWYD/ 1966/ 2020/ DM4(1) നമ്പർ കത്ത്.

4. പനമരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 17/ 02/ 2021 തീയതിയിൽ ചേർന്ന സാധാരണ യോഗത്തിലെ 14/ 1 നമ്പർ തീരുമാനം.

5. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/ 02/ 2021 തീയതിയിലെ എ 3- 3320/ 15 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പ്രളയ മുന്നൊരുക്കങ്ങളുടെ ഭാഗമായി പഞ്ചായത്തുകളിലെ പുഴകളിൽ അടിഞ്ഞുകൂടിയ എക്കൽ അവശിഷ്ടങ്ങൾ കാലവർഷത്തിനു മുൻപായി നീക്കം ചെയ്യുന്നതിനായി ലേല നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാരെ വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ പരാമർശം 1 പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പനമരം ഗ്രാമ പഞ്ചായത്തിൽ നിന്നും 30.05.2020 തീയതിയിൽ 7 കടവുകളിൽനിന്നും എക്കൽ കോരി നീക്കുന്നതിന് ലേല നടപടികൾ സ്വീകരിച്ചു. പ്രസ്തുത കടവുകളിൽ ഒന്നായ പരിയാരം കടവിലെ 4500 ഘനമീറ്റർ എക്കൽ കോരി നീക്കുന്നതിന് ശ്രീ. അലി അക്ബർ, മുരിക്കഞ്ചേരി വീട്, പനമരം പി.ഒ എന്ന വ്യക്തി 30,01,000/- രൂപയ്ക്ക് ലേലം കൊള്ളുകയും, നികുതികൾ ഉൾപ്പെടെ 35,71,190/- രൂപ പഞ്ചായത്തിൽ അടയ്ക്കുകയും ചെയ്തു. ലേല വ്യവസ്ഥയിൽ 15.06.2020-നകം സ്വന്തം ഉത്തരവാദിത്തത്തിൽ ലേലവസ്തു കോരി നീക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

2) കാലാവസ്ഥ മോശമായതിനാലും, പുഴയിൽ വെള്ളത്തിന്റെ അളവ് കൂടുതലായതിനാലും, അവശിഷ്ടങ്ങൾ യഥാസമയം നീക്കം ചെയ്യാൻ സാധിക്കാത്തതിനാലും ലേലം കൊണ്ടയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ

അവശിഷ്ടങ്ങൾ നീക്കാനുള്ള കാലാവധി പഞ്ചായത്ത് ഭരണസമിതി പരാമർശം 2 പ്രകാരം ദീർഘിപ്പിച്ച് നൽകി. എന്നാൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തികൾ താൽക്കാലികമായി നിർത്തിവെക്കേണ്ടതാണെന്ന് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ചെയർപേഴ്സൺ പരാമർശം 3 പ്രകാരം നിർദേശിച്ചതിനാൽ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി നിർത്തിവച്ചു.

3) നിശ്ചിത സമയത്തിനകം ലേല വസ്തുക്കൾ നീക്കം ചെയ്യുന്നതിന് സാധിച്ചില്ലെന്നും കാലാവധി നീട്ടി നൽകുകയോ ലേല സംഖ്യ ആനുപാതികമായി തിരികെ നൽകുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലേലം കൊണ്ടയാൾ സമർപ്പിച്ച അപേക്ഷ പരാമർശം 4 പ്രകാരം ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം പരിഗണിച്ചു. ശ്രീ. അലി അക്ബർ, നികുതി ഉൾപ്പടെ 35,71,190/- രൂപ ലേലത്തുകയായി ഒടുക്കിയിരുന്നു. 4500 ഘനമീറ്റർ അളവ് എക്കൽ നീക്കം ചെയ്യുന്നതിനാണ് ടിയാൻ കരാറെടുത്തിരുന്നത്. 791.14 ഘനമീറ്റർ അളവ് എക്കൽ ടിയാൻ നീക്കം ചെയ്തു. ആയതിനു ശേഷമുള്ള തുക 24,73,365/- രൂപ (ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി മുന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) (നികുതികൾ കുറച്ച്) ടിയാന് നൽകാനുണ്ട് എന്ന പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന്, ലേലത്തുക ആനുപാതികമായി തിരികെ നൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനു പരാമർശം 4 പ്രകാരം തീരുമാനമെടുത്തു. 1998 ലെ പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരം പതിനായിരം രൂപയ്ക്ക് മുകളിലുള്ള പാട്ട തുക തിരികെ നൽകുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങണമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് പരാമർശം 4 പ്രകാരം ഭരണസമിതി തീരുമാനമെടുത്തത്. പ്രസ്തുത തീരുമാനം പ്രകാരം ആനുപാതികമായി കിഴിവ് അനുവദിക്കുന്ന വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 5 പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം 5 പ്രകാരമുള്ള റിപ്പോർട്ട് അനുസരിച്ച്, പ്രതികൂല കാലാവസ്ഥ കാരണമാണ് എക്കൽ നീക്കുന്ന പ്രവൃത്തി അനുവദിക്കപ്പെട്ട സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. കൂടാതെ, പരാമർശം 3 പ്രകാരം ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ നിർദേശം നൽകിയതിനാൽ എക്കൽ നീക്കം ചെയ്യുന്നതിനുള്ള തീയതി കരാറുകാരന് നീട്ടി നൽകാനുമായില്ല. പ്രസ്തുത സാഹചര്യത്തിൽ, പരാമർശം 4 പ്രകാരമുള്ള പനമരം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 1998 ലെ പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ, ചട്ടം 5 പ്രകാരം ശ്രീ. അലി അക്ബർ, മുരിക്കഞ്ചേരി വീട്, പനമരം പി.ഒ എന്ന വ്യക്തി എക്കൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി ഒടുക്കിയ ആകെ ലേലത്തുകയിൽ

ആനുപാതികമായ 24,73,365/- രൂപ (ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി മൂവായിരത്തി മുന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) (നികുതികൾ കുറച്ച്) തിരികെ നൽകുന്നതിന് പനമരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

സെക്രട്ടറി, പനമരം ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ,എൽ.ബി.എ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD- RC2/ 60/ 2021- LSGD)

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ